# തിലാപ്പിയയ്ക്കു വലുപ്പക്കുറവ്

**മത്സ്യം**

**ഡോ. പി.എ. വികാസ്**

സബ്ജക്ട് മാറ്റർ സ്പെഷലിസ്റ്റ്, കെവികെ, കൊച്ചി. e-mail: kvkernakulam@yahoo.co.in



*? തിലാപ്പിയ കൃഷി ചെയ്യുന്ന കുളത്തിൽ നിറയെ കുഞ്ഞുങ്ങൾ ഉണ്ടാകുന്നെങ്കിലും വലുപ്പം തീരെക്കുറവാണ്. എന്താണ് കാരണം. നല്ല കുഞ്ഞുങ്ങളെ എവിടെ കിട്ടും. ഗിഫ്റ്റ് നല്ലതാണെന്നു കേൾക്കുന്നു. ശരിയാണോ. എന്താണ് ഗിഫ്റ്റ്.*

മാത്യു കോര, പാടിമൺ

● തിലാപ്പിയക്കുളത്തിൽ കുഞ്ഞുങ്ങൾ ഉണ്ടാകുന്നത് നിങ്ങൾ നിക്ഷേപിച്ച കുഞ്ഞുങ്ങളിൽ ആണും പെണ്ണും ഉണ്ടായിരുന്നതിനാലാണ്. ഈ കുളത്തിൽ ധാരാളം പെൺമത്സ്യങ്ങൾ ഉണ്ടെന്നുവേണം അനുമാനിക്കാൻ. ഇവ അധികം വളരില്ല. ഈ പ്രശ്നത്തിനു പരിഹാരം ആൺമത്സ്യക്കുഞ്ഞുങ്ങളെ മാത്രം കൃഷിക്കായി ഉപയോഗിക്കുകയാണ്. ആൺ മത്സ്യക്കുഞ്ഞുങ്ങൾ മാത്ര (ഓൾ മെയിൽ) മായി വാങ്ങാൻ കിട്ടും. ഇവയിൽ തന്നെ ഏറ്റവും വേഗത്തിൽ വളരുന്നത് ഗിഫ്റ്റ് (ജനറ്റിക്കലി ഇംപ്രുവ്ഡ്, ഫാംഡ് തിലാപ്പിയ) അഥവാ തിലാപ്പിയ നൈലോട്ടിക്ക വിഭാഗത്തിൽപെടുന്ന മത്സ്യങ്ങളാണ്. ഇവ പെട്ടെന്നു വളരും. 6 മാസത്തിനുള്ളിൽ തന്നെ 250 മുതൽ 500 ഗ്രാം വരെ വളരുന്നതായി കാണുന്നുണ്ട്. ഗിഫ്റ്റ് കുഞ്ഞുങ്ങളെ രാജീവ് ഗാന്ധി സെന്റർ ഫോർ അക്വാകൾച്ചർ, എംപിഇഡിഎ, ആർജിസി എ മൾട്ടി സ്പീഷീസ് അക്വാകൾച്ചർ സെന്റർ, വല്ലാർപാടം, എറണാകുളം - 682504 (7736463137 ) എന്ന ഹാച്ചറിയിൽ ലഭിക്കും. മുൻകൂട്ടി ബുക്ക് ചെയ്യണം. ഏതു തരം കുഞ്ഞുങ്ങളെ ഇട്ടാലും വെള്ളത്തിന്റെ ഗുണനിലവാരത്തിൽ കുറവു വരാതെ നോക്കുകയും ഗുണമേന്മയുള്ള തീറ്റ നൽകുകയും ചെയ്താലേ വേണ്ടത്ര വലുപ്പം ലഭിക്കുകയുള്ളൂ.